APPENDIX H4

## കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ. ഷൈനി.ഡി)

വിഷയം:- പൊതുവിദ്യാഭ്യാസം - പെരിങ്ങാനം ഗവ.എൽ.പി.സ്കൂളിലെ പി.ഡി ടീച്ചർ ആയിരുന്ന ശ്രീ.ജസീൽ.കെ.പി ശൂന്യവേതനാവധി കഴിഞ്ഞിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സേവനത്തിൽ നിന്ന് നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:-

1. പെരിങ്ങാനം ഗവ.എൽ.പി. സ്കൂൾ പ്രധാനാധ്യാപികയുടെ 25-07-2025 തീയ്യതിയിലെ 23/2025 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 31-07-2025 ലെ DDEKNR/1936/2025-A3 നമ്പർ കുറ്റപത്രം , കുറ്റാരോപണ പത്രിക.
3. ശ്രീ.ജസീൽ.കെ.പി പ്രധാനധ്യാപികയ്ക്ക് നൽകിയ 02-09-2025 ലെ കത്ത്.
4. ഈ കാര്യാലയത്തിലെ 29-10-2025 ലെ DDEKNR/1936/2025-A3 കാരണം കാണിക്കൽ നോട്ടീസ്.
5. പെരിങ്ങാനം ഗവ.എൽ.പി. സ്കൂൾ പ്രധാനാധ്യാപികയുടെ 10-11-2025 തീയ്യതിയിലെ കത്ത്.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് ഡയറക്ടറുടെ 29-01-2026 ലെ RO/50/F2/2026/I&PRD നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : DDEKNR/1936/2025-A3 തീയതി : 18-02-2026**

പെരിങ്ങാനം ഗവ.എൽ.പി. സ്കൂളിലെ പി.ഡി ടീച്ചർ ആയിരുന്ന ശ്രീ.ജസീൽ.കെ.പി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 11-08-2005 തീയ്യതിയിലെ GO(Rt) No.3993/2005/GEd പ്രകാരം 01-10-2005 മുതൽ 30-09-2010 വരെയും , 27-09-2010 തീയ്യതിയിലെ GO(Ms) No. 4192/2010/G.Edu നമ്പർ ഉത്തരവ് പ്രകാരം 01-10-2010 മുതൽ 30-09-2015 വരെയും , 31-10-2015 തീയ്യതിയിലെ SC(1)/79420/2015/DPI നമ്പർ ഉത്തരവ് പ്രകാരം 01-10-2015 മുതൽ 30-09-2020 വരെയും ശൂന്യ വേതനാവധിയിൽ ആയിരുന്നു എന്നും ടിയാൻ ഇതുവരെയായി ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ല എന്നും പരാമർശം (1) പ്രകാരം പ്രധാനധ്യാപിക ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു.



File No. DDEKNR/1936/2025-A3 (Computer No. 1374872)
Generated from eOffice by VAISAKH PK, A3 DDE KNR, A3 DDE KNR, DEPUTY DIRECTOR OF GENERAL EDUCATION KANNUR on 04/03/2026 12:11 PM

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള കുറ്റപത്രം , കുറ്റാരോപണ പത്രിക എന്നിവ പ്രധാനാധ്യാപിക മുഖേന ശ്രീ. ജസീൽ.കെ.പി യ്ക്ക് നൽകിയിരുന്നു. തുടർന്ന് ടിയാൻ പ്രധാനാധ്യാപികയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് പരാമർശം (3) പ്രകാരം ഈ കാര്യാലയത്തിലേക്ക് ലഭിക്കുകയുണ്ടായി. പ്രസ്തുത കത്തിൽ പരാമർശിക്കുന്ന ഈ കാര്യാലയത്തിലെ ഫയൽ NDis ആയി തിരിച്ചയച്ചിട്ടുള്ളതാണ്. ആയതിന് ശേഷം ശ്രീ. ജസീൽ.കെ.പി ടിയാന്റെ അവധി 01-10-2020 മുതൽ 30-09-2025 വരെ ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ഈ കാര്യാലയത്തിൽ നിന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുനല്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി അവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 30-12-2020 ലെ 83-2020/ധന സർക്കുലറിൽ അനധികൃതമായി അവധിയിൽ തുടരുന്നവരെ KSR Part I, Appendix XIIA യിലെ Rule 9 പ്രകാരം സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ.ജസീൽ.കെ.പി അനധികൃതമായി അവധിയിൽ തുടരുന്നതിനാലും ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത് കടുത്ത അച്ചടക്ക ലംഘനമാണ് എന്നതിനാലും പരാമർശം (4) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് പ്രധാനാധ്യാപിക മുഖേന നൽകിയിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം ടിയാൻ പ്രധാനധ്യപികയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് തന്നെ വീണ്ടും ഈ കാര്യാലയത്തിലേക്ക് പരാമർശം (5) പ്രകാരം ലഭിക്കുകയുണ്ടായി. ടിയാന്റെ അവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടില്ല എന്ന് പ്രധാനാധ്യാപികയും അറിയിക്കുകയുണ്ടായി. ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിക്കുവാനായി നൽകുകയും ആയത് പരാമർശം (6) പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി.

പത്രത്തിൽ പ്രസിദ്ധപ്പെടുത്തി നാളിതുവരെയായി ശ്രീ.ജസീൽ.കെ.പി യുടെ ഭാഗത്തു നിന്ന് യാതൊരു പ്രതികരണവും ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ് എന്നതിനാൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിർബന്ധിതമായിരിക്കുകയാണ്. ടി സാഹചര്യത്തിൽ പെരിങ്ങാനം ഗവ.എൽ.പി സ്കൂളിലെ പി.ഡി ടീച്ചർ ആയിരുന്ന ശ്രീ. ജസീൽ.കെ.പി യുടെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സേവനം KSR Part I Appendix XIIA , 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V ചട്ടം 11 ൽ (1) (VII) പ്രകാരം ടിയാൾ അവധി കഴിഞ്ഞ് തിരികെ



File No. DDEKNR/1936/2025-A3 (Computer No. 1374872)
Generated from eOffice by VAISAKH PK, A3 DDE KNR, A3 DDE KNR, DEPUTY DIRECTOR OF GENERAL EDUCATION KANNUR on 04/03/2026 12:11 PM

സേവനത്തിൽ പ്രവേശിക്കേണ്ട തീയ്യതിയായ 01-10-2020 അപരാഹ്നം മുതൽ പ്രാബല്യത്തിൽ വച്ച് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

Digitally signed by
SHAINI D
Date: 18-02-2026
18:12:58

വിദ്യാഭ്യാസ ഉപഡയറക്ടർ

കണ്ണൂർ

സ്വീകർത്താവ് :

1. ശ്രീ. ജസീൽ.കെ.പി , പി.ഡി ടീച്ചർ (പ്രധാനധ്യാപിക ഗവ.എൽ.പി.സ്കൂൾ പെരിങ്ങാനം മുഖേന)
2. പ്രധാനധ്യാപിക , ഗവ.എൽ.പി.സ്കൂൾ പെരിങ്ങാനം
3. എ 4 സെക്ഷൻ